കേരളകൗമുദി
Established by **C.V. Kunjuraman** as a periodical in 1911

തർക്കങ്ങൾ തീർന്നു; കോൺഗ്രസ് സ്ഥാനാർത്ഥി പട്ടിക പൂർത്തിയായി

▶ അനിൽ വി.ആനന്ദ്

കോൺഗ്രസ് സ്ഥാനാർത്ഥികൾ		
തിരുവനന്തപുരം	-	ശശി തരൂർ
ആറ്റിങ്ങൽ	-	അടൂർ പ്രകാശ്
പത്തനംതിട്ട	-	ആന്റോ ആന്റണി
മാവേലിക്കര	-	കൊടിക്കുന്നിൽ സുരേഷ്
ആലപ്പുഴ	-	ഷാനിമോൾ ഉസ്‌മാൻ
ഇടുക്കി	-	ഡീൻ കുര്യാക്കോസ്
എറണാകുളം	-	ഹൈബി ഈഡൻ
ചാലക്കുടി	-	ബെന്നി ബഹനാൻ
തൃശൂർ	-	ടി.എൻ. പ്രതാപൻ
പാലക്കാട്	-	വി.കെ. ശ്രീകണ്ഠൻ
ആലത്തൂർ	-	രമ്യ ഹരിദാസ്
കോഴിക്കോട്	-	എം.കെ. രാഘവൻ
വയനാട്	-	ടി. സിദ്ദിഖ്
വടകര	-	കെ. മുരളീധരൻ
കണ്ണൂർ	-	കെ. സുധാകരൻ
കാസർകോട്	-	രാജ്‌മോഹൻ ഉണ്ണിത്താൻ

ന്യൂഡൽഹി: വടകരയിൽ പി. ജയരാജനെതിരെ കെ. മുരളീധരനെ നിറുത്തി, ദിവസങ്ങൾ നീണ്ട അനിശ്ചിതത്വം അവസാനിപ്പിച്ച്. ശേഷിച്ച നാലു സീറ്റുകളിലും കോൺഗ്രസ് സ്ഥാനാർത്ഥി നിർണയം പൂർത്തിയാക്കിയെങ്കിലും കോൺഗ്രസ് പുറത്തിറക്കിയ പുതിയ സ്ഥാനാർത്ഥി പട്ടികയിൽ ആറ്റിങ്ങൽ, ആലപ്പുഴ മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികളെ മാത്രമാണ് ഔദ്യോഗികമായി പ്രഖ്യാപിച്ചത്. വയനാട്-വടകര മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികളെ പിന്നീട് പ്രഖ്യാപിക്കുമെന്നാണ് അറിയുന്നത്. വയനാട്ടിൽ ടി. സിദ്ദിഖ്, ആറ്റിങ്ങലിൽ അടൂർ പ്രകാശ്, ആലപ്പുഴയിൽ ഷാനിമോൾ ഉസ്‌മാൻ എന്നിവരാണ് മറ്റ് സ്ഥാനാർത്ഥികൾ.

വടകരയിൽ അപ്രതീക്ഷിതമായാണ് വട്ടിയൂർക്കാവ് എം.എൽ.എ കെ. മുരളീധരന്റെ പേര് വന്നത്. നേരത്തേ കൗൺസിലർ വിദ്യാബാലകൃഷ്‌ണൻ, കെ.പി.സി.സി സെക്രട്ടറി അഡ്വ. പ്രവീൺ കുമാർ, മലബാർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് സജീവ് മാറോളി തുടങ്ങിയവരെ പരിഗണിച്ചിരുന്നു. കൂടുതൽ ശക്തനായ സീനിയർ നേതാവ് വേണമെന്ന് ഹൈക്കമാൻഡും വിവിധ നേതാക്കളും പ്രവർത്തകരുമുൾപ്പെടെ ആവശ്യപ്പെട്ടു. വടകരയിൽ മത്സരിക്കാൻ മുല്ലപ്പള്ളി രാമചന്ദ്രനു മേൽ കടുത്ത സമ്മർദ്ദമുണ്ടായെങ്കിലും മത്സരിക്കാനില്ലെന്ന നിലപാടിൽ അദ്ദേഹം ഉറച്ചു നിന്നു. ആർ.എം.പി, മുസ്ലിം ലീഗ് തുടങ്ങിയ കക്ഷികളും ശക്തനായ സ്ഥാനാർത്ഥിക്കായി സമ്മർദ്ദം ചെലുത്തി. മുതിർന്ന നേതാവ് വി.എം. സുധീരനോട് മത്സരിക്കാൻ കെ.പി.സി.സി പ്രസിഡന്റ് ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം വിസമ്മതിച്ചു. പിന്നീടാണ് മുരളീധരനിലേക്ക് കാര്യങ്ങളെത്തിയത്. മുരളീധരനോട് മുല്ലപ്പള്ളി സംസാരിച്ചെങ്കിലും പൂർണസമ്മതം ലഭിച്ചില്ല. ഹൈക്കമാൻഡും ഉമ്മൻചാണ്ടിയുൾപ്പെടെയുള്ള നേതാക്കളും ഇടപെട്ടതോടെ മുരളീധരൻ വഴങ്ങുകയായിരുന്നു. എ.കെ. ആന്റണിയും ഒപ്പം നിന്നതോടെ മുരളീധരനടക്കമുള്ള സ്ഥാനാർത്ഥികളുടെ പേരുകൾ മുല്ലപ്പള്ളി രാമചന്ദ്രൻ ഹൈക്കമാൻഡിന് കൈമാറി. വയനാടിനെ ചൊല്ലിയുള്ള ഗ്രൂപ്പ് തർക്കമാണ് ആറ്റിങ്ങൽ, ആലപ്പുഴ, വടകര മണ്ഡലങ്ങളിലെയും സ്ഥാനാർത്ഥി നിർണയം അനിശ്ചിതത്വത്തിലാക്കിയത്. തുടർന്ന് ഇവ ഒഴിച്ചിട്ട് 12 സീറ്റുകളിലാണ് ശനിയാഴ്ച കോൺഗ്രസ് സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചത്.

വയനാട്ടിൽ ടി. സിദ്ദിഖിനെ സ്ഥാനാർത്ഥിയാക്കാൻ ഐ ഗ്രൂപ്പ് സമ്മതിച്ചതോടെ തർക്കം വടകരയിലേക്ക് മാറി. ബിന്ദു കൃഷ്ണയെ ഉൾപ്പെടെ പരിഗണിച്ചെങ്കിലും പി. ജയരാജനെതിരെ മുതിർന്ന നേതാവ് തന്നെ വേണമെന്ന് ഹൈക്കമാൻഡ് നിലപാടെടുക്കുകയായിരുന്നു.

കരിക്കകം ചാമുണ്ഡിക്ഷേത്രത്തിൽ പൊങ്കാലയോടനബന്ധിച്ച് മന്ത്രി കടകംപള്ളി സുരേന്ദ്രൻ, തിരുവനന്തപുരം പാർലമെന്റ് മണ്ഡലം സ്ഥാനാർത്ഥികളായ സി. ദിവാകരൻ എം.എൽ.എ, കുമ്മനം രാജശേഖരൻ എന്നിവർ ദർശനം നടത്തുന്നു. ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ എം. വിക്രമൻ നായർ, സെക്രട്ടറി വി. അശോക് കുമാർ, കൗൺസിലർമാരായ ഹിമ സിജി, ആർ.സി. ബീന തുടങ്ങിയവർ സമീപം

മകന്റെ അനുസരണക്കേടിൽ മനംനൊന്ത് അമ്മ ജീവനൊടുക്കി

വടക്കഞ്ചേരി: മകന്റെ അനുസരണക്കേടിൽ മനംനൊന്ത് അമ്മ വിഷയില കഴിച്ച് ജീവനൊടുക്കി. വള്ളിയോട് പൂക്കാട് ബാബുവിന്റെ ഭാര്യ സ്വപ്നയാണ് (37) മരിച്ചത്. തിങ്കളാഴ്ച രാത്രിയാണ് സംഭവം.

സ്വപ്ന

വിഷം കഴിച്ച സ്വപ്ന വിവരം ബംഗളൂരുവിൽ ജോലിയുള്ള മൂത്ത മകൻ സിബിനെ വിളിച്ചറിയിച്ചു. ഉടൻ മകൻ അയൽവാസികൾക്ക് വിവരം നൽകി. ആലത്തൂർ താലൂക്ക് ആശുപത്രിയിലും പിന്നീട് പാലക്കാട്ടെ സ്വകാര്യ ആശുപത്രിയിലും എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. ഇളയ മകന്റെ അനുസരണയില്ലാത്ത സ്വഭാവത്തിൽ ഇടയ്ക്കിടെ വഴക്കുണ്ടാകാറുള്ളതായി പൊലീസ് പറഞ്ഞു.

ഇത്തരത്തിൽ തിങ്കളാഴ്ച ഉച്ചയ്ക്കും വഴക്കുണ്ടായി. വഴക്കുമൂത്ത് 17 വയസുള്ള മകൻ വീട്ടുസാധനങ്ങൾ നശിപ്പിച്ച് വീട്ടിൽ നിന്ന് ഇറങ്ങിപ്പോയി. ഇതിനെത്തുടർന്നാണ് സ്വപ്ന മനോവിഷമത്തിൽ രാത്രിയോടെ വിഷയില കഴിച്ചത്. ഭർത്താവ് ബാബു ഹോട്ടൽ ജോലിയുമായി തൃശൂർ പട്ടിക്കാടായിരുന്നു. വടക്കഞ്ചേരി പൊലീസ് മേൽനടപടി സ്വീകരിച്ചു.

ഡി.സി.സി പ്രസിഡന്റിനെ വിമർശിച്ച് ഉണ്ണിത്താന്റെ ഇറങ്ങിപ്പോക്ക്

കാസർകോട്: ഡി.സി.സി പ്രസിഡന്റിനെതിരെ യു.ഡി.എഫ് യോഗത്തിൽ ലോക്‌സഭാ മണ്ഡലം സ്ഥാനാർത്ഥി രാജ്‌മോഹൻ ഉണ്ണിത്താന്റെ രൂക്ഷവിമർശനം. പ്രതിഷേധം കടുത്തതോടെ യോഗത്തിൽ ഒച്ചപ്പാടുണ്ടാവുകയും തുടർന്ന് ഉണ്ണിത്താൻ ഇറങ്ങിപ്പോവുകയും ചെയ്തു.

കാസർകോട് ഡി.സി.സി പ്രസിഡന്റ് ഹക്കിം കുന്നിലിനെ മാറ്റാതെ പ്രചാരണം സാദ്ധ്യമല്ലെന്ന് ഉണ്ണിത്താൻ യോഗത്തിൽ അറിയിച്ചു. പ്രതിഷേധ സൂചകമായി ചെർക്കളയിൽ ഇന്നലെ നടത്താനിരുന്ന പ്രചാരണ പരിപാടി ഉണ്ണിത്താൻ ഉപേക്ഷിച്ചു. ഡി.സി.സി പ്രസിഡന്റ് പറയുന്നതുപോലെ ചലിക്കാൻ തനിക്കാവില്ലെന്നാണ് ഉണ്ണിത്താന്റെ നിലപാട്. സംഭവം വിവാദമായതോടെ കോൺഗ്രസ് സംസ്ഥാന നേതൃത്വം വിഷയത്തിൽ ഇടപെട്ടിട്ടുണ്ട്.

മണ്ഡലത്തിൽ സ്ഥാനാർത്ഥിയായി ഹൈക്കമാൻഡ് നിയോഗിച്ചതു പ്രകാരം എത്തിയ തനിക്ക് വേണ്ടുന്ന സൗകര്യങ്ങളൊന്നും ഡി.സി.സി പ്രസിഡന്റ് ഒരുക്കിയിട്ടില്ലെന്നാണ് സ്ഥാനാർത്ഥിയുടെ ആരോപണം. തിങ്കളാഴ്ച കാസർകോട്ടെത്തിയ തനിക്ക് ഭക്ഷണം കഴിക്കാൻ കഴിഞ്ഞത് വൈകിട്ട് നാലു മണിക്കാണ്. ഇവിടെ തങ്ങുന്നതിന് ഒരു സൗകര്യവും ഒരുക്കിയിട്ടില്ല. കൃത്യമായ പ്രചാരണ ഷെഡ്യൂൾ ഉണ്ടാക്കുന്നതിലും വീഴ്ച സംഭവിച്ചു.

അതേസമയം വരുംദിവസങ്ങളിൽ കൃത്യമായ ആസൂത്രണത്തോടെ മുന്നോട്ടുപോകാൻ കഴിയുമെന്നാണ് ഡി.സി.സിയുമായി ബന്ധപ്പെട്ട കേന്ദ്രങ്ങൾ പറയുന്നത്. താനുമായി ബന്ധപ്പെട്ട ആരോപണങ്ങൾ ഡി.സി.സി പ്രസിഡന്റ് ഹക്കിം കുന്നിലും നിഷേധിച്ചു.

ഗ്രൂപ്പ് വടംവലിയിൽ എയുടെ മേൽക്കൈ; ഐയിൽ അമർഷം

തിരുവനന്തപുരം: കെ. മുരളീധരനെ വടകരയിൽ നിറുത്തിയതോടെ കോൺഗ്രസ് പട്ടിക ശ്രദ്ധാകേന്ദ്രമായെങ്കിലും സ്ഥാനാർത്ഥി ചർച്ചകൾ ഗ്രൂപ്പ് പോര് രൂക്ഷമാക്കി. കൈയിലിരുന്ന വയനാട് സീറ്റ് നഷ്ടപ്പെട്ടതിൽ ഐ ഗ്രൂപ്പിൽ അമർഷം കനക്കുന്നു. വടകരയിൽ കെ. മുരളീധരന്റെ വരവ് എ ഗ്രൂപ്പിനുള്ള മറുപടിയായി ഐ നേതൃത്വം വിലയിരുത്തുകയുമാണ്. അതേസമയം, പ്രതീക്ഷയുള്ള ഒന്നിലേറെ സീറ്റുകൾ ഉറപ്പിച്ചു നിറുത്തിയത് എ ഗ്രൂപ്പിന്റെയും ഉമ്മൻചാണ്ടിയുടെയും വിജയമായി.

ഇന്നത്തെ വയനാട് മണ്ഡലത്തിൽ കഴിഞ്ഞ രണ്ട് തവണയും മത്സരിച്ചത് വിശാല ഐയിലെ അന്തരിച്ച എം.ഐ. ഷാനവാസാണ്. കോൺഗ്രസിന്റെ ഉറച്ച സീറ്റായ ഇത് എ ഗ്രൂപ്പിന് അടിയറവച്ചത് അംഗീകരിക്കാനാവില്ലെന്നാണ് ഐ ഗ്രൂപ്പിലെ വികാരം. സ്ഥാനാർത്ഥി ചർച്ചയുടെ തുടക്കത്തിൽ ഇടുക്കിക്കായി പിടിമുറുക്കിയെങ്കിലും അതും കൈവിടേണ്ടിവന്നു. ഇടുക്കിക്ക് പകരമാണ് എറണാകുളമെന്ന് ആദ്യം സമ്മതിച്ച ശേഷം എ ഗ്രൂപ്പ് തിരിഞ്ഞുകൊത്തിയെന്നാണ് ഐ ഗ്രൂപ്പ് പറയുന്നത്. കെ.വി. തോമസ് മത്സരിച്ച എറണാകുളം ഹൈക്കമാൻഡ് ക്വോട്ടയായാണ് കണക്കാക്കിയിരുന്നത്. ഇത് ഐ ഗ്രൂപ്പിലെ ഹൈബി ഈഡന് നൽകിയപ്പോൾ മറ്റൊരു ഉറച്ച സീറ്റായ വയനാട് കിട്ടണമെന്ന കടുത്ത നിലപാടിലേക്ക് എ ക്യാമ്പ് നീങ്ങി. എറണാകുളം നൽകിയത് തന്നെ തങ്ങളെ വെട്ടിലാക്കാനായിരുന്നുവെന്ന് ഐ നേതൃത്വം കരുതുന്നു. കെ. കരുണാകരന്റെ കാലത്ത് ഐ ഗ്രൂപ്പിന്റേതായിരുന്ന എറണാകുളം കരുണാകരൻ പാർട്ടിയോട് ഇടഞ്ഞ് മാറിയ ശേഷമാണ് ഹൈക്കമാൻഡ് ക്വോട്ടയായത്. അത് തിരിച്ചുപിടിക്കാൻ മറ്റൊരു ഉറച്ച കോട്ട അടിയറ വയ്ക്കേണ്ടതില്ലായിരുന്നെന്നാണ് ഗ്രൂപ്പിലെ വാദം.

വയനാടിനായുള്ള എ ഗ്രൂപ്പിന്റെ പിടിവാശിക്ക് വഴങ്ങിയത് നേതൃത്വത്തിന്റെ വീഴ്ചയായി കുറ്റപ്പെടുത്തുന്നുണ്ടെങ്കിലും രാഹുൽ ഗാന്ധിയുടെ ഇടപെടൽ മൂലമാണ് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയ്ക്ക് കടുത്ത നിലപാടിലേക്ക് നീങ്ങാനാവാതെ പോയതെന്ന് നേതൃത്വം പറയുന്നു. എല്ലാം ശരിയായി പരിഹരിക്കാൻ രാഹുൽ നിർദ്ദേശിച്ചപ്പോൾ അതിന് വിരുദ്ധ നിലപാടെടുക്കാൻ ചെന്നിത്തലയ്ക്ക് കഴിയുമായിരുന്നില്ല. ഗ്രൂപ്പിസത്തിന് നേതൃത്വം നൽകുന്നുവെന്ന പഴി ഹൈക്കമാൻഡിൽ നിന്ന് കേൾക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നില്ല.

ആരോപണങ്ങൾക്കും പഴികൾക്കുമുള്ള മറുപടിയായി കെ. മുരളീധരന്റെ സ്ഥാനാർത്ഥിത്വത്തെ ഐ ക്യാമ്പ് എടുത്തുകാട്ടുകയാണ്. വയനാട് നഷ്ടപ്പെട്ടതിലെ പ്രതിഷേധം ഒഴിവാക്കാൻ കഴിഞ്ഞ ദിവസം രാത്രിയിൽ ഐ നേതാക്കൾ നടത്തിയ നീക്കങ്ങളാണ് വടകരയിൽ മുരളീധരനെ എത്തിച്ചതെന്നാണ് അവരുടെ അവകാശവാദം.

മലബാറിൽ വേരുകളുള്ള മുരളീധരൻ, കരുണാകരന് ശേഷം മലബാറിലെ കോൺഗ്രസിന്റെ ശോഷിച്ചുപോയ മുഖം തിരിച്ചുപിടിക്കാൻ പറ്റിയ നേതാവാണെന്ന് കോൺഗ്രസ് ക്യാമ്പ് വിലയിരുത്തുന്നുണ്ട്. ലീഗുമായും നല്ല ബന്ധമുള്ള മുരളിയുടെ വരവ് ആ നിലയ്ക്കും ഗുണകരമാകും. മുരളി ജയിച്ചാൽ വട്ടിയൂർക്കാവ് നിയമസഭാമണ്ഡലം പിടിക്കാമെന്ന് കണക്കുകൂട്ടുന്ന ബി.ജെ.പിയുടെ രഹസ്യപിന്തുണയും ഒരുപക്ഷേ വടകരയിൽ മുരളിക്ക് കിട്ടിയേക്കാം.

പിറവം പള്ളിത്തർക്കം: മന്ത്രിസഭാ ഉപസമിതി ചർച്ച നടത്തി

ഓർത്തഡോക്സ് വിഭാഗം എത്തിയില്ല

തിരുവനന്തപുരം: പിറവം പള്ളിത്തർക്കത്തിൽ സുപ്രീംകോടതി ഉത്തരവ് നടപ്പാക്കുന്നതിനും സമാധാനം സ്ഥാപിക്കുന്നതിനുമായി ഇ.പി.ജയരാജന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭാ ഉപസമിതി ഇന്നലെ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി.

ഓർത്തഡോക്സ് വിഭാഗം ചർച്ചയ്ക്കെത്തിയില്ല. യാക്കോബായ വിഭാഗം, സമാധാന പരിപാലന ചർച്ച് സമിതി തുടങ്ങിയവരുടെ പ്രതിനിധികളുമായി പ്രാരംഭതല ചർച്ച നടന്നു.

ചർച്ചയിൽ പങ്കെടുക്കാനാവില്ലെന്ന് ഓർത്തഡോക്സ് വിഭാഗം ഉപസമിതിയെ രേഖാമൂലം അറിയിച്ചു. സുപ്രീംകോടതി ഉത്തരവ് നടപ്പാക്കുകയാണ് ആവശ്യമെന്നും ചർച്ചകൾക്ക് പ്രസക്തിയുണ്ടെന്ന് കരുതുന്നില്ലെന്നുമാണ് കത്തിൽ അറിയിച്ചത്.

ഇരുവിഭാഗങ്ങളുമായി വീണ്ടും ചർച്ച നടത്തുമെന്നും സമാധാനം പുനഃസ്ഥാപിക്കാനും കോടതി ഉത്തരവ് നടപ്പാക്കാനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുമെന്നും മന്ത്രി ഇ.പി. ജയരാജൻ പറഞ്ഞു.

മന്ത്രിമാരായ കൃഷ്ണൻകുട്ടി, എ. കെ. ശശീന്ദ്രൻ എന്നിവരാണ് ഉപസമിതിയിലെ മറ്റ് അംഗങ്ങൾ.

കണക്കില്ലാതെ പണം മുടക്കിയാൽ സ്ഥാനാർത്ഥികൾ കെണിയിലാവും

ആദായനികുതി വകുപ്പ് രഹസ്യ നിരീക്ഷണം തുടങ്ങി

കൊച്ചി: ലോക്‌സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അമിത ചെലവും കള്ളപ്പണവും കൈയോടെ പിടികൂടാൻ ആദായനികുതി വകുപ്പ് ഉദ്യോഗസ്ഥർ നിരീക്ഷണം ആരംഭിച്ചു. സ്ഥാനാർത്ഥികൾക്കും പാർട്ടികൾക്കും പിന്നാലെ എപ്പോഴും ഇവരുടെ കണ്ണുണ്ടാവും. നികുതി വകുപ്പിന്റെ ഇൻവെസ്റ്റിഗേഷൻ ഡയറക്ടറേറ്റ് ഇതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സജ്ജീകരിച്ചു. തിരഞ്ഞെടുപ്പ് കമ്മിഷന്റെ നിർദ്ദേശ പ്രകാരമാണിത്.

വലിയതോതിൽ പണം, വിലപിടിപ്പുള്ള വസ്തുക്കൾ എന്നിവ ശേഖരിച്ചതായോ കടത്തിക്കൊണ്ട് പോകുന്നതായോ വിവരം ലഭിക്കുന്നവർക്ക് കൺട്രോൾ റൂമിനെ അറിയിക്കാം. അറിയിക്കുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുമെന്ന് അഡിഷണൽ ഡയറക്ടർ അറിയിച്ചു. കണക്കിൽപ്പെടാത്ത പണം ഉപയോഗിക്കുന്നത് തടയുന്നതിനാണിത്.

കൊച്ചിയിൽ സഹോദരൻ അയ്യപ്പൻ റോഡിൽ എളംകുളത്തെ അഡിഷണൽ ഡയറക്ടറുടെ ഓഫീസിലാണ് കൺട്രോൾ റൂം പ്രവർത്തിക്കുക. സംസ്ഥാനത്തിന്റെ മറ്റു സ്ഥലങ്ങളിലും രഹസ്യ നിരീക്ഷണം ആരംഭിച്ചിട്ടുണ്ട്. കൺട്രോൾ റൂം ടോൾ ഫ്രീ നമ്പർ : 18004253173. ഇ മെയിൽ: electionmonitoring.it@gmail.com, വാട്സ് ആപ്പ് നമ്പർ : 8547000041 ഫാക്സ്: 0484 2206170.

കൃഷ്ണൻ നമ്പൂതിരി ഗുരുവായൂർ ക്ഷേത്രം പുതിയ മേൽശാന്തി

ഗുരുവായൂർ: ഗുരുവായൂർ ക്ഷേത്രത്തിലെ പുതിയ മേൽശാന്തിയായി വാവന്നൂർ പൊട്ടക്കുഴി മനയിലെ കൃഷ്ണൻ നമ്പൂതിരിയെ (44) തിരഞ്ഞെടുത്തു. ക്ഷേത്ര ഓതിക്കൻ കൂടിയായ കൃഷ്ണൻ നമ്പൂതിരി രണ്ടാം തവണയാണ് മേൽശാന്തിയാകുന്നത്. ഉച്ചപൂജയ്ക്ക് ശേഷം നമസ്കാര മണ്ഡപത്തിൽ ഇപ്പോഴത്തെ മേൽശാന്തി പരമേശ്വരൻ നമ്പൂതിരിയാണ് നറുക്കെടുപ്പ് നടത്തിയത്. തന്ത്രി ചേന്നാസ് നാരായണൻ നമ്പൂതിരിപ്പാട്, ദേവസ്വം ചെയർമാൻ കെ.ബി മോഹൻദാസ്, ഭരണസമിതി അംഗങ്ങളായ പി. ഗോപിനാഥ്, കെ.കെ. രാമചന്ദ്രൻ, മല്ലിശ്ശേരി പരമേശ്വരൻ നമ്പൂതിരിപ്പാട്, എ.വി. പ്രശാന്ത്, അഡ്മിനിസ്ട്രേറ്റർ എസ്.വി. ശിശിർ എന്നിവർ സംബന്ധിച്ചു.

59 അപേക്ഷകരിൽ തന്ത്രിയുമായി കൂടിക്കാഴ്ചയ്ക്ക് എത്തിയ 53 പേരിൽ യോഗ്യത നേടിയ 50 പേരെയാണ് നറുക്കെടുപ്പിൽ ഉൾപ്പെടുത്തിയത്. കൃഷ്ണൻ നമ്പൂതിരിയുടെ പിതാവ് പൊട്ടക്കുഴി നീലകണ്ഠൻ നമ്പൂതിരി രണ്ടു തവണ മേൽശാന്തിയായിരുന്നു . അമ്മ പെരിന്തൽമണ്ണ ചെത്തല്ലൂർ കറത്തേടത്ത് മനദേവകി അന്തർജ്ജനം. ബാലശ്ശേരി പാലക്കാട് മനയിലെ ശുഭയാണ് ഭാര്യ . ദേവിക, പാർവതി, ഹരി എന്നിവരാണ് മക്കൾ. സഹോദരൻ നാരായണൻ നമ്പൂതിരിയിൽ നിന്നാണ് പൂജാവിധികൾ അഭ്യസിച്ചത്. മറ്റൊരു സഹോദരൻ ദിവാകരൻ നമ്പൂതിരി ഗുരുവായൂരിൽ മേൽശാന്തിയായിരുന്നു. ഏപ്രിൽ ഒന്ന് മുതൽ ആറ് മാസമാണ് പുതിയ മേൽശാന്തിയുടെ കാലാവധി. മാർച്ച് 31 ന് അത്താഴപൂജയ്ക്ക് ശേഷം സ്ഥാനമേൽക്കും.

ജ്യോതിദേവ്സ് ആശുപത്രിക്ക് അന്തർദ്ദേശീയ അംഗീകാരം

തിരുവനന്തപുരം: ജ്യോതിദേവ്സ് ഡയബറ്റിസ് ആശുപത്രിക്ക് അന്തർദ്ദേശീയ അംഗീകാരം. പ്രമേഹ ചികിത്സാ സംവിധാനങ്ങളിൽ ആഗോളനേതൃനിരയിലുള്ള റോഷ്, തിരുവനന്തപുരം ജ്യോതിദേവ്സ് ഡയബറ്റിസ് ആശുപത്രിയുമായി ചേർന്ന് ഇന്ത്യയിലെ ഡോക്ടർമാർക്കും പ്രമേഹ ചികിത്സാസംഘാംഗങ്ങൾക്കുമായി പരിശീലനം നൽകും. ജ്യോതിദേവ്സ് ഡയബറ്റിസ് ആശുപത്രിക്കുള്ള ശ്രേഷ്ഠ പദവി രേഖ ഡോ. ജോർജ്ജ് കൗമാന്റിക്കസ് (ആസ്ട്രേലിയ) ഡോ. ജ്യോതിദേവ് കേശവിന് കൈമാറി. വൃക്കരോഗം, പാദവ്രണങ്ങൾ, ഹൃദ്രോഗം, അന്ധത തുടങ്ങിയവയെ പ്രതിരോധിക്കാനും നൂതന ചികിത്സാ വിദ്യകൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനവും നൽകും. ഡോ. അരുൺ ശങ്കർ, സുനിത ജ്യോതിദേവ്, ഡോ. വർഷ ഖാത്രി, ഗോപിക കൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

ജ്യോതിദേവ്സ് ഡയബറ്റിസ് ആശുപത്രിക്കുള്ള ശ്രേഷ്ഠ പദവി രേഖ ഡോ. ജ്യോതിദേവ് കേശവിന് ഡോ. ജോർജ്ജ് കൗമാന്റിക്കസ് കൈമാറുന്നു. ഡോ. അരുൺ ശങ്കർ, സുനിത ജ്യോതിദേവ്, ഡോ. വർഷ ഖാത്രി, ഗോപിക കൃഷ്ണൻ എന്നിവർ സമീപം

നവോത്ഥാന മൂല്യസംരക്ഷണ സമിതി തീരുമാനം

പാഠപുസ്തകത്തിലെ നവോത്ഥാന ഭാഗങ്ങൾ പുനഃസ്ഥാപിക്കാൻ ആശയപ്രചാരണം

തിരുവനന്തപുരം: എൻ.സി.ഇ.ആർ.ടിയുടെ ഒമ്പതാം ക്ലാസ് പാഠപുസ്തകത്തിൽ നിന്ന് എടുത്തുമാറ്റിയ നവോത്ഥാനത്തെ പരാമർശിക്കുന്ന ഭാഗങ്ങൾ പുനഃസ്ഥാപിക്കാൻ ആശയപ്രചാരണം നടത്തുമെന്ന് നവോത്ഥാനമൂല്യ സംരക്ഷണസമിതി ചെയർമാൻ വെള്ളാപ്പള്ളി നടേശനും കൺവീനർ പുന്നല ശ്രീകുമാറും പറഞ്ഞു. ഇന്നലെ ചേർന്ന സമിതി സംസ്ഥാന സെക്രട്ടേറിയറ്റ് യോഗ തീരുമാനങ്ങൾ മാദ്ധ്യമങ്ങളോട് വിശദീകരിക്കുകയായിരുന്നു നേതാക്കൾ. മുഖ്യമന്ത്രി പിണറായി വിജയനും യോഗത്തിൽ പങ്കെടുത്തിരുന്നു.

ഇക്കാര്യത്തിൽ സമിതിയോഗം അംഗീകരിച്ച പ്രമേയം കേന്ദ്രത്തിനും എൻ.സി.ഇ.ആർ.ടിക്കും സമർപ്പിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സമിതിക്ക് പ്രത്യേകിച്ച് നിലപാടില്ല. തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടല്ല സമിതി രൂപീകരിച്ചത്. ഇതിൽ ഉൾപ്പെട്ടിട്ടുള്ള സംഘടനകൾക്ക് തിരഞ്ഞെടുപ്പിൽ നിലപാടെടുക്കാൻ സ്വാതന്ത്ര്യമുണ്ട്. എന്നാൽ സമിതി മുന്നോട്ടുവയ്ക്കുന്ന പല ആശയങ്ങളും പ്രചാരണത്തിൽ പ്രതിഫലിച്ചേക്കാം. സംസ്ഥാന സർക്കാരിന്റെ നല്ല പിന്തുണയാണ് സമിതിക്ക് കിട്ടുന്നത്. തുടർ പ്രവർത്തനങ്ങളിൽ മാർഗനിർദ്ദേശം നൽകേണ്ടതും സർക്കാരാണ്.

രാജ്യത്തൊട്ടാകെ നടക്കുന്ന തിരഞ്ഞെടുപ്പിൽ ശബരിമല വിഷയം വലിയ ഘടകമാവണമെന്നില്ല. ശബരിമല പ്രശ്നത്തിൽ വ്യക്തമായ നിലപാടാണ് സർക്കാർ സ്വീകരിച്ചത്. യഥേഷ്ടം വിശ്വാസികൾക്ക് ശബരിമലയിൽ കടന്നുചെല്ലാനാവണമെന്നതാണ് സമിതിയുടെ സമീപനം.

വയനാട് ഒഴികെയുള്ള ജില്ലകളിൽ നവോത്ഥാന മൂല്യസംരക്ഷണ സമിതി ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചു കഴിഞ്ഞു. വയനാട്ടിൽ ഉടൻ രൂപീകരിക്കും. സംഘടനാ സംവിധാനം പടിപടിയായി താലൂക്ക് തലത്തിലേക്ക് വ്യാപിപ്പിക്കും. ജില്ലാതലത്തിൽ സംഘടിപ്പിക്കാൻ തീരുമാനിച്ച ബഹുജന കൂട്ടായ്മ തിരഞ്ഞെടുപ്പിന് ശേഷം നടത്തും.

വെള്ളാപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ മസ്കറ്റ് ഹോട്ടലിൽ നടന്ന യോഗത്തിൽ കെ. സോമപ്രസാദ് എം.പി, വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് ബി. രാഘവൻ, പി.ആർ. ദേവദാസ്, അഡ്വ. കെ. ശാന്തകുമാരി, പി.കെ. സജീവ്, പി. രാമഭദ്രൻ, ഡോ. ഹുസൈൻ മടവൂർ, സി.പി. സുഗതൻ, രാമചന്ദ്രൻ മുല്ലശ്ശേരി തുടങ്ങിയവർ പങ്കെടുത്തു.

തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ നടന്ന നവോത്ഥാന മൂല്യസംരക്ഷണ സമിതി സെക്രട്ടേറിയറ്റ് യോഗത്തിൽ പങ്കെടുക്കാനെത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ സമിതി ചെയർമാൻ വെള്ളാപ്പള്ളി നടേശന് ഹസ്തദാനം നൽകുന്നു. സമിതി കൺവീനർ പുന്നല ശ്രീകുമാർ സമീപം

ചരിത്രത്തെ വർഗീയവത്കരിക്കുന്നത് ചെറുക്കണം

ഒമ്പതാം ക്ലാസ് ചരിത്ര പാഠപുസ്തകത്തിൽ നിന്ന് നവോത്ഥാനത്തെ പരാമർശിക്കുന്ന ഭാഗങ്ങൾ മാറ്റരുതെന്ന് നവോത്ഥാന മൂല്യസംരക്ഷണ സമിതി സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം പ്രമേയത്തിൽ ആവശ്യപ്പെട്ടു. ചരിത്രത്തെ വരേണ്യവത്കരിക്കാനും വർഗീയവത്കരിക്കാനുമുള്ള ഇത്തരം നീക്കങ്ങൾ ചെറുക്കേണ്ടത് നാടിന്റെ പുരോഗതിക്ക് അനിവാര്യമാണ്.

പാഠപുസ്തകത്തിലെ 'വസ്ത്രധാരണത്തിന്റെ സാമൂഹ്യ ചരിത്രം' ഉൾപ്പെടെയുള്ള മൂന്ന് അദ്ധ്യായങ്ങളാണ് നീക്കിയത്. ചാന്നാർ ലഹള ഉൾപ്പെടെ സമരങ്ങളെ പറ്റിയുള്ള പരാമർശങ്ങൾ ഇതിലുണ്ടായിരുന്നു. മാറുമറയ്ക്കൽ സമരം ഉൾപ്പെടെയുള്ള സ്ത്രീ മുന്നേറ്റത്തിന്റെയും അടിച്ചമർത്തപ്പെട്ടവരുടെ അവകാശ സമരത്തിന്റെയും ഭാഗമാണിത്. 19, 20 നൂറ്റാണ്ടുകളിൽ വസ്ത്രധാരണത്തിൽ ഉണ്ടായ മാറ്റങ്ങളും ജാതിവ്യവസ്ഥയുടെ സ്വാധീനവും നവോത്ഥാന മുന്നേറ്റങ്ങളെ തടയാനുള്ള യാഥാസ്ഥിതികരുടെ ഇടപെടലുകളും ഇതിൽ സൂചിപ്പിച്ചിരുന്നു. അക്കാലത്തെ സാമൂഹ്യ നീതിയുടെ പ്രശ്നങ്ങൾ പ്രതിപാദിക്കുന്ന സി. കേശവന്റെ 'ജീവിതസമരം' എന്ന ആത്മകഥയിലെ ഭാഗവും ഒഴിവാക്കി. പഠനഭാഗം ലഘൂകരിക്കാനുള്ള കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരമാണ് ഈ നടപടി.

കേരളത്തിന്റെ നവോത്ഥാന ചരിത്രം പുതിയ തലമുറയിൽ നിന്ന് മറച്ചുവയ്ക്കാനാഗ്രഹിക്കുന്നവരാണ് ഇതിന് പിന്നിൽ. നാടിന്റെ ചരിത്രവും കീഴാള ജനതയുടെ നവോത്ഥാന കുതിപ്പും തമസ്കരിക്കാനുള്ള നീക്കങ്ങൾ അംഗീകരിക്കില്ല. ചരിത്രത്തെ നിഷേധിക്കുന്ന ഇത്തരം ഇടപെടലുകൾക്കെതിരെ ജനാധിപത്യ സമൂഹം ഉണരണമെന്നും യോഗം പാസാക്കിയ പ്രമേയത്തിൽ ആഹ്വാനം ചെയ്തു.

പാഠഭാഗം ഒഴിവാക്കൽ: ചെന്നിത്തല കത്തയച്ചു

തിരുവനന്തപുരം: സ്ത്രീകൾക്ക് മാറ് മറയ്ക്കാനുള്ള അവകാശത്തിന് വേണ്ടി നടന്ന ഐതിഹാസിക സമരത്തെ എൻ.സി.ഇ.ആർ.ടിയുടെ ഒമ്പതാം ക്ലാസ് ചരിത്ര പുസ്തകത്തിൽ നിന്ന് ഒഴിവാക്കിയതിനെതിരെ പ്രതിപക്ഷ നേതാവ് നേതാവ് രമേശ് ചെന്നിത്തല എൻ.സി.ഇ.ആർ.ടി ഡയറക്ടർ ഹൃഷികേശ് സേനാപതിയ്ക്ക് കത്തയച്ചു. നീക്കിയ ഭാഗം ഉടൻ പുനഃസ്ഥാപിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കുട്ടികളുടെ പഠന ഭാരം കുറയ്ക്കാനെന്ന വ്യാജേന നിരവധി സാമൂഹ്യ മുന്നേറ്റങ്ങൾക്ക് പ്രേരണയും കരുത്തുമായി മാറിയ ഈ സംഭവം പുസ്തകങ്ങളിൽ നിന്നു നീക്കം ചെയ്യുന്നത് വലിയ സാമൂഹ്യ പ്രത്യാഘാതത്തിന് ഇടയാക്കും.

മുഖ്യമന്ത്രി ക്ഷണിച്ചു; വെള്ളാപ്പള്ളി എത്തി

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയനുമായി ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽ കൂടിക്കാഴ്ച നടത്തി. മുഖ്യമന്ത്രിയുടെ ക്ഷണപ്രകാരമാണ് അദ്ദേഹം എത്തിയത്. നവോത്ഥാന മൂല്യസംരക്ഷണ സമിതിയുടെ യോഗത്തിൽ പങ്കെടുക്കാനായി വെള്ളാപ്പള്ളി തലസ്ഥാനത്ത് എത്തിയിരുന്നു. മുഖ്യമന്ത്രിയുംയോഗത്തിൽ പങ്കെടുത്തിരുന്നു. ക്ലിഫ് ഹൗസിലെത്തിയ വെള്ളാപ്പള്ളിക്കായി ചെറിയൊരു സ്നേഹവിരുന്നും ഒരുക്കിയിരുന്നു. എസ്.എൻ.ഡി.പി യോഗവുമായി ബന്ധപ്പെട്ട കാര്യങ്ങളും തിരഞ്ഞെടുപ്പ് - രാഷ്ട്രീയ കാര്യങ്ങളും ഇരുവരും ചർച്ച ചെയ്തു. ഒരു മണിക്കൂറോളം ക്ലിഫ് ഹൗസിൽ ചെലവഴിച്ച ശേഷമാണ് വെള്ളാപ്പള്ളി മടങ്ങിയത്.

Vol. No. 109 Issue No. 78 R.No.3052/57 (R.No. KL/TV(N) 72/2018-20) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 0471 - 7117000, Fax: 7116905** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .